പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1830 26-10-2026-ൽ മറുപടിയ്ക്ക്

നോർക്കയിൽ 14 പേരെ സുപ്രീം കോടതി ഉത്തരവ് മാനിക്കാതെ സ്ഥിരപ്പെടുത്തിയ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. മുഹമ്മദ് ഷിയാസ്	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) നോർക്കയിൽ 2009-ൽ നടപടിക്രമങ്ങൾ പാലിക്കാതെ താൽക്കാലികമായി നിയമിക്കപ്പെട്ട 14 ജീവനക്കാരെ 2011-ൽ അന്നത്തെ എൽ.ഡി.എഫ് സർക്കാർ സ്ഥിരപ്പെടുത്തിയിരുന്നോ;പ്രസ്തുത ജീവനക്കാരുടെ പേരുകൾ,തസ്തികകൾ, നിയമന തീയതികൾ,നിയമനരീതി എന്നിവ ലഭ്യമാക്കുമോ; ഇവരുടെ സ്ഥിരനിയമനം പിന്നീട് അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ റദ്ദാക്കിയിരുന്നോ; എങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; വ്യക്തമാക്കുമോ;

മറുപടി: 24/02/2011 ലെ സ. ഉ (എം.എസ്) നം.1/2011/ നോർക്ക പ്രകാരം നോർക്ക റൂട്ട്സിൽ 2 വർഷത്തിൽ കൂടുതൽ കോൺടാക്ട് /ദിവസക്കൂലി അടിസ്ഥാനത്തിൽ വിവിധ തസ്തികകളിൽ ജോലി ചെയ്തിരുന്ന 16 ജീവനക്കാരെ പ്രസ്തുത തസ്തികകളിൽ സ്ഥിരപ്പെടുത്തിയിരുന്നു. പ്രസ്തുത ജീവനക്കാരുടെ പേരുകൾ, തസ്തികകൾ, ജോലിയിൽ പ്രവേശിച്ച തീയതി എന്നിവ അനുബന്ധം (1)ആയി ചേർക്കുന്നു.

നോർക്ക റൂട്ട്സിൽ 16.06.2008-ന് മുമ്പ് നിയമിക്കപ്പെട്ട 8 പേരും രണ്ട് വർഷത്തിൽ കൂടുതൽ നോർക്ക റൂട്ട്സിൽ സേവന ദൈർഘ്യമുള്ള 8 പേരും ഉൾപ്പെടെ 16 പേരെയാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്. തുടർന്ന് പൊതുമേഖലാ സ്ഥാപനങ്ങളിൽ നടന്ന നിയമനങ്ങൾ സർക്കാർ പുനഃ പരിശോധിക്കുകയും 21/04/2012 തീയതിയിലെ സ.ഉ.(എം എസ്) നം 5/2012/നോർക്ക നമ്പർ സർക്കാർ ഉത്തരവ് (അനുബന്ധം 2 ആയി ചേർക്കുന്നു) പ്രകാരം പ്രസ്തുത സ്ഥിര നിയമനം റദ്ദാക്കുകയും അവരുടെ സേവന വ്യവസ്ഥകൾ 24.2.2011 ന് മുമ്പ് നിലവിലുണ്ടായിരുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(ബി) നോർക്കയിൽ 14 ജീവനക്കാരെ സ്ഥിരപ്പെടുത്തിയ നടപടി റദ്ദാക്കിയ യു.ഡി.എഫ്. സർക്കാരിന്റെ തീരുമാനത്തെ ബഹു. സുപ്രീം കോടതി ശരിവച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ, ഇതുസംബന്ധിച്ച സുപ്രീം കോടതി വിധിയുടെ വിശദാംശം നൽകാമോ;

മറുപടി: 21/04/2012 തീയതിയിലെ സ.ഉ.(എം എസ്) നം 5/2012/നോർക്ക ഉത്തരവിനെതിരെ പ്രസ്തുത ജീവനക്കാർ ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ബഹു.ഹൈ ക്കോടതി 21.5.2012 തീയതിയിലെ WPC No.10622/2012 ഉത്തരവ് പ്രകാരം പ്രസ്തുത ജീവനക്കാർ റെഗുലറൈസേഷന് അർഹരല്ല എന്ന് ഉത്തരവിടുകയും ചെയ്തിരുന്നു. ടി വിധിയ്ക്കെതിരെ ജീവനക്കാർ ഫയൽ ചെയ്ത റിട്ട് അപ്പീലിൽ (WA No.983/2012), 5.6.2012 ലെ വിധിന്യായ പ്രകാരം ബഹു:ഹൈക്കോടതി WP(C) No. 10622/2012 ൽ പുറപ്പെടുവിച്ച ഉത്തരവ് ശരി വെച്ചിരുന്നു. പ്രസ്തുത വിധിക്കെതിരെ ടി ജീവനക്കാർ ബഹു. സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ

ഫയൽ ചെയ്തിരുന്നു (18718/2012). ബഹു. സുപ്രീം കോടതി 24.1.2013 ലെ ഉത്തരവ് പ്രകാരം പ്രസ്തുത വിഷയം ബഹു.ഹൈക്കോടതിയോട് അന്തിമമായി തീർപ്പാക്കാൻ നിർദ്ദേശം കൊടുക്കുകയുമാണുണ്ടായത്. ഇതിന്റെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതിയുടെ 11.6.2013 ലെ ഉത്തരവ് പ്രകാരം 21.4.2012 തീയതിയിലെ സ.ഉ (എം.എസ്) നം.5/2012/ നോർക്ക ഉത്തരവിന് എതിരെ ജീവനക്കാർ നൽകിയ ഹർജി തള്ളുകയും പ്രസ്തുത ജീവനക്കാർക്ക് നോർക്ക റൂട്ട്സിൽ തുടരാനുള്ള അവകാശം 24.2.2011 ന് മുമ്പ് നിലവിലുണ്ടായിരുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കുമെന്നും ഉത്തരവായിരുന്നു.

(സി) 2017-ൽ അന്നത്തെ എൽ.ഡി.എഫ് സർക്കാർ നോർക്കയിലെ പ്രസ്തുത 14 ജീവനക്കാരെ മുൻകാല പ്രാബല്യത്തോടെ വീണ്ടും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ;ഉണ്ടെങ്കിൽ, ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത സ്ഥിരപ്പെടുത്തലിന് മന്ത്രിസഭാ തീരുമാനം ഉണ്ടായിരുന്നോ; ഉണ്ടെങ്കിൽ, തീരുമാനത്തിന്റെ തീയതിയും അതിന്റെ പകർപ്പും ലഭ്യമാക്കുമോ; ബഹു. സുപ്രീം കോടതിയുടെ വിധിക്കുശേഷവും പ്രസ്തുത ജീവനക്കാരെ വീണ്ടും സ്ഥിരപ്പെടുത്തിയതിന്റെ സാഹചര്യം വിശദമാക്കുമോ; വിശദമാക്കുമോ;

<u>മറുപടി:</u> ഉണ്ട്. 18/10/2017-ലെ സ.ഉ.(സാധാ)നം. 612/2017/നോർക്ക നമ്പർ ഉത്തരവ് പ്രകാരം 21/04/2012 തീയതിയിലെ സ.ഉ.(എം.എസ്) നം. 5/2012/നോർക്ക ഉത്തരവ് റദ്ദാക്കാനും 24/02/2011 ലെ സ. ഉ. (എം. എസ്) നം.1/2011/ നോർക്ക ഉത്തരവിന് പ്രാബല്യം നൽകുവാനും അന്നത്തെ സർക്കാർ ഉത്തരവായിട്ടുണ്ട്.

സ.ഉ.(സാധാ)നം. 612/2017/നോർക്ക തീയതി 18/10/2017 ഉത്തരവിന്റെ പകർപ്പ് അനുബന്ധം 3 ആയി ചേർക്കുന്നു.

സ.ഉ.(സാധാ.) നം. 612/2017/നോർക്ക തീയതി 18.10.2017 പ്രകാരം 16 ജീവനക്കാരെ സ്ഥിരപ്പെടുത്തിയ നടപടിക്ക് മന്ത്രിസഭായോഗ തീരുമാനം ഉണ്ടായിരുന്നില്ല. നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലഭ്യമാക്കിയ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിക്കുകയും പ്രസ്തുത ജീവനക്കാരെ വീണ്ടും സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുകയുമാണുണ്ടായത്.

(ഡി) മന്ത്രിസഭാ തീരുമാനം ഇല്ലാതെയാണ് പ്രസ്തുത 14 ജീവനക്കാരെ മുൻകാല പ്രാബല്യത്തോടെ സ്ഥിരപ്പെടുത്തിയതെങ്കിൽ, അത്തരമൊരു നടപടി ചട്ടവിരുദ്ധമാണോയെന്ന് പരിശോധിക്കുമോ; ബഹു. സുപ്രീം കോടതി ശരിവെച്ച സ്ഥിരപ്പെടുത്തൽ റദ്ദാക്കൽ ഉത്തരവിനെ മറികടന്ന് പ്രസ്തുത ജീവനക്കാരെ വീണ്ടും സ്ഥിരപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പിന്റെയും നിയമ വകുപ്പിന്റെയും അനുമതി തേടിയിരുന്നോ; അനുമതി നൽകിയിട്ടുണ്ടെങ്കിൽ, ഇതുസംബന്ധിച്ച ഫയലിന്റെ പകർപ്പ് നൽകാമോ; നിയമ വകുപ്പിന്റെ എതിർപ്പ് മറികടന്നാണോ പ്രസ്തുത സ്ഥിരപ്പെടുത്തൽ നടത്തിയതെന്ന് വ്യക്തമാക്കുമോ;

<u>മറുപടി:</u> ഈ വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. പ്രസ്തുത ജീവനക്കാരെ വീണ്ടും സ്ഥിരപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പിന്റെയോ നിയമ വകുപ്പിന്റെയോ അനുമതി തേടിയിട്ടില്ല.

(ഇ) ബഹു. സുപ്രീം കോടതി വിധിക്ക് വിരുദ്ധമായി നടത്തിയതായി ആരോപിക്കപ്പെടുന്ന ക്രമവിരുദ്ധ സ്ഥിരപ്പെടുത്തൽ റദ്ദാക്കി ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ച്

വിജിലൻസ് അന്വേഷണം നടത്തുന്നതിനോ നിയമപരിശോധനയ്ക്ക് വിധേയമാക്കുന്നതിനോ നടപടി സ്വീകരിക്കുമോ;വ്യക്തമാക്കുമോ;

മറുപടി: സർക്കാർ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) അഭ്യസ്തവിദ്യരായ നിരവധി ഉദ്യോഗാർത്ഥികളുടെ തൊഴിൽസാധ്യതകൾക്ക് തിരിച്ചടിയാകുന്ന വിധത്തിൽ നടപടിക്രമങ്ങൾ പാലിക്കാതെയുള്ള നിയമനത്തിലൂടെ നടത്തിയ സ്ഥിരപ്പെടുത്തൽ നടപടി റദ്ദാക്കുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുമോ;വിശദമാക്കുമോ?

മറുപടി: സർക്കാർ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം (1)

ക്രമ നമ്പർ	പേര്	തസ്തിക	ജോലിയിൽ പ്രവേശിച്ച തീയതി
1.	ശ്രീ. കെ. ഭദ്രകുമാർ	അറ്റൻഡർ	1/4/2006
2.	ശ്രീ. എച്ച് മനോജ്കുമാർ	അറ്റൻഡർ	1/4/2006
3.	ശ്രീമതി. ഷീബ ഷാജി	ജൂനിയർ എക്സ്ക്യൂട്ടീവ്	1/6/2006
4.	ശ്രീമതി. ലിജി വിജയൻ	അറ്റൻഡർ	1/6/2006
5.	ശ്രീമതി. സാദിയ വി.കെ കെ	അറ്റൻഡർ	1/6/2006
6.	ശ്രീ. ഗോപാലൻ ഒ	അറ്റൻഡർ	1/1/2007
7.	ശ്രീമതി. ശർമ്മിള. കെ.	ജൂനിയർ എക്സ്ക്യൂട്ടീവ്	3/3/2008
8.	ശ്രീമതി. നീതു ജി.	ജൂനിയർ എക്സ്ക്യൂട്ടീവ്	1/6/2008
9.	ശ്രീമതി. മേരി കുര്യാക്കോസ്	ജൂനിയർ എക്സ്ക്യൂട്ടീവ്	1/7/2008
10.	ശ്രീമതി. ഷീബ. സി	അസിസ്റ്റന്റ്	1/9/2008
11.	ശ്രീമതി. മഞ്ജു ജോൺ	അസിസ്റ്റന്റ്	1/9/2008
12.	ശ്രീമതി. സുബീഷ വി.പി	അസിസ്റ്റന്റ്	1/9/2008
13.	ശ്രീ. വിജു എം.എ.	അസിസ്റ്റന്റ്	1/9/2008
14.	ശ്രീമതി. രേഖ. ഒ.എസ്	അസിസ്റ്റന്റ്	26/11/2008
15.	ശ്രീ. വൈശാഖ് വി	അസിസ്റ്റന്റ്	26/11/2008
16.	ശ്രീമതി. ഷെറിൻ	അസിസ്റ്റന്റ്	1/12/2008

197

GOVERNMENT OF KERALA

Abstract

NORKA Department-Creation of posts and regularization of Contract Employees working in NORKA-Roots-G.O. (MS) 1/2011/NORKA dt. 24/2/2011 reviewed - Orders issued.

NON RESIDENT KERALITES' AFFAIRS (B) DEPARTMENT

G.O. (Ms) No.05 /2012/NORKA Dated, Thiruvananthapuram 21/04 /2012.

Read: 1. Resolution No. 6 of the 29th meeting of Board of Directors of NORKA-Roots.
2. Letter No. 1148/E/2010/Roots dt. 13/8/2010 from Chief Executive Officer, NORKA Roots.
3. G.O(MS) 1/11/NORKA dt. 24/2/2011.

ORDER

The 29th meeting of Board of Directors of NORKA-ROOTS recommended Government to create the following post in NORKA-ROOTS Head Office, Regional Offices and NRK Development Offices.

Name of Post	No. of Posts	Scale of Pay
Junior Executive	4	5250-8390
Accounts Assistant	1	5250-8390
Assistant	10	4990-7990
Attender	6	4630-7000

2. The Board of Directors also recommended to regularize the Service of 21 employees who were working in NORKA-Roots on contract basis against the above mentioned posts.

3. NORKA-Roots at its inception was a company having only 26% of share holding by State Government. Government have decided to enhance its equity participation in the Company to 51.3% and an additional amount of Rs. 52 lakhs was released for subscribing shares of NORKA-Roots as per G.O.(MS) No. 4/2008/NORKA dt. 16/6/2008 to make it a Government owned company.

4. Out of the 21 employees recommended for regularization, 8 of them were appointed prior to 16/6/2008.

5. As recommended by the Board of Directors, the Chief Executive Officer, NORKA-Roots vide letter read as second paper above has furnished a proposal for creation of 21 Nos. of posts in the Company and for regularization of 21 Employees working in the company on contract basis . The CEO also reported that on regularizing the 21 employees the additional financial commitment of the company comes to about Rs. 51,582/- per month and that the expenditure can be met from the fund of NORKA-Roots.

6. After examining the matter in detail Government vide G.O. read as 3rd paper has created 21 posts as detailed below and ordered to regularize the service of 16 employees, including those 8 employees who were appointed prior to 16/6/08 and those who have put in a minimum of 2 years of service in NORKA-Roots as per the list appended to the said G.O.

Name of Post	No. of Posts	Scale of Pay
Junior Executive	4	5250-8390
Accounts Assistant	1	5250-8390
Assistant	10	4990-7990
Attender	6	4630-7000
Total	21`	

7. Later on 18/5/2011 Government have taken a decision to re-examine all decisions taken after 1/1/11 as regards postings/regularization of employees in various Departments. Accordingly the G.O. dated, 24/2/11 by which 21 posts were created and the service of 16 employees were regularized in the NORKA Roots was also reviewed.

8. After thorough revision and detailed examination of the Case with reference to the rules and procedures relating to regularisation of contract/daily waged employees under Govt/Govt owned Companies Government have decided not to approve the regularization of 16 employees ordered vide G.O. read as 3rd paper (list appended) and orders accordingly. The status of these employees will be maintained as per the terms and conditions existed prior to 24/2/2011.

9. The G.O. read above will stand modified to the above extend.

By Order of the Governor
T.K. MANOJ KUMAR
SECRETARY TO GOVERNMENT

To

The Chief Executive Officer, NORKA ROOTS,
NORKA Centre, Thycaud, Thiruvananthapuram.
The Accountant General (Audit), (A & E) Kerala,
Thiruvananthapuram.
The Planning and Economic Affairs Department.
The Finance Department
The General Administration (SC) Department (vide item No. 1501 dt. 18/4/12)
The Stock file/Office Copy.

Forwarded/ By Order

Section Officer

Appendix

List of contract employees working in NORKA-Roots before 16/6/2008 (i.e. before the conversion of NORKA-Roots in to a Section 617 Company)

Sl. No.	Name	Designation	Pay Scale	Date of joining
1.	Shri K. Bhadrakumar,	Attender	4630-7000	1/4/2006
2.	Shri H. Manojkumar	Attender	4630-7000	1/4/2006
3.	Smt. Sheeba Shaji	Junior Executive	5250-8390	1/6/2006
4.	Smt. Liji Vijayan	Attender	4630-7000	1/6/2006
5.	Smt. Sadhiya V.K.K.	Attender	4630-7000	1/6/2006
6.	Shri Gopalan. O	Attender	4630-7000	1/1/2007
7.	Sharmila. K	Junior Executive	5250-8390	3/3/2008
8.	Smt. Neethu. G	Junior Executive	5250-8390	1/6/2008

List of contract employees working in NORKA-Roots after 16/6/2008 and who have completed more than 2 years of service as on 2/2/2011.

Sl. No.	Name	Designation	Pay Scale	Date of joining
1.	Smt. Mary Kuriyakose	Junior Executive	5250-8390	1/7/2008
2.	Smt. Sheeba, C	Assistant	4990-7990	1/9/2008
3.	Smt. Manju John	Assistant	4990-7990	1/9/2008
4.	Smt. Subisha, V.P.	Assistant	4990-7990	1/9/2008
5.	Shri Viju M.A.	Assistant	4990-7990	1/9/2008
6.	Smt. Rekha. O.S.	Assistant	4990-7990	26/11/2008
7.	Shri Vaishakh. V	Assistant	4990-7990	26/11/2008
8.	Smt. Sherin	Assistant	4990-7990	1/12/2008

കേരള സർക്കാർ

സംഗ്രഹം

പ്രവാസികാര്യ വകുപ്പ് -നോർക്ക റൂട്ട്സിലെ സ്ഥിരനിയമനം റദ്ദ് ചെയ്യപ്പെട്ട ജീവനക്കാരുടെ നിയമനം റെഗുലറൈസ് ചെയ്ത് ഉത്തരവാകുന്നു.

കേരളീയ പ്രവാസികാര്യ (ബി) വകുപ്പ്

G.O.(Rt)No. 612/2017/NORKA തീയതി,തിരുവനന്തപുരം, 18/10/2017

പരാമർശം:- 1)സ.ഉ.(എം. എസ്) നം.1/2011/നോർക്ക, തീയതി 24.02.2011.
2)സ.ഉ.(എം. എസ്) നം.5/2012/നോർക്ക, തീയതി 21.04.2012.
3)ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 25.08.2017,07/10/2017 എന്നി തീയതികളിലെ 2255/എ/2017/റൂട്ട്സ് നമ്പർ കത്തുകൾ.

ഉത്തരവ്

സൂചന (1) പ്രകാരം നോർക്ക റൂട്ട്സിൽ 21തസ്തികകൾ സൃഷ്ടിക്കുകയും, രണ്ട് വർഷത്തിൽ കൂടുതൽ കോൺട്രാക്ട്/ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 16 ജീവനക്കാരെ പ്രസ്തുത തസ്തികകളിൽ സ്ഥിരപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നടന്ന നിയമനങ്ങൾ സർക്കാർ പുന:പരിശോധിക്കുകയും സൂചന (2)ലെ ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥിരനിയമനം റദ്ദാക്കി അവരുടെ സേവനവ്യവസ്ഥകൾ പഴയ രീതിയിൽ കരാറടിസ്ഥാനത്തിലാക്കുകയും ചെയ്തു. ഒരു തവണ സർക്കാർ ഉത്തരവ് പ്രകാരം റഗുലറൈസ് ചെയ്യുകയും എന്നാൽ പിന്നീട് റഗുലറൈസ് ചെയ്ത നടപടി റദ്ദാക്കിയ സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് ടി ജീവനക്കാരെ സർവ്വീസിൽ വീണ്ടും റഗുലറൈസ് ചെയ്യണമെന്ന് സി ഇ ഒ നോർക്ക റൂട്ട്സ് സൂചന (3) പ്രകാരം അഭ്യർത്ഥിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിൻ പ്രകാരം 21.04.2012. തീയതിയിലെ സ.ഉ.(എം.എസ്)നം.5/2012/നോർക്ക ഉത്തരവ് റദ്ദാക്കുവാനും 24.02.2011 തീയതിയിലെ സ.ഉ.(എം.എസ്)നം.1/2011/നോർക്ക ഉത്തരവിന് പ്രാബല്യം നൽകുവാനും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BISHWANATH SINHA IAS
PRINCIPAL SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക – റൂട്ട്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ